8 -ാം വർഷം

2025 മാർച്ച് 23

നോമ്പ് നാലാം ഞായർ



# Laity Reflect on SYRO-MALABAR SUNDAY MASS SCRIPTURE READINGS



# തത്ത്വമസി

ഉല്പത്തി 11/1-9, ജോഷ്വ 7/10-15, റോമാ 8/12-17, മത്തായി 21/33-44

അത്യന്തം കൗതുകമുണർത്തുന്ന ഒരു മനുഷ്യൻ, അന്ന് രാവിലെ നഗരം ചുറ്റിക്കറങ്ങുകയായിരുന്നു. അദ്ദേഹത്തിന്റെ പക്കൽ പഴയ, തുണിത്തരങ്ങൾ നിറച്ച ഒരു വലിയ ചാക്ക് ഉണ്ടായിരുന്നു. 'പഴയ തുണി ഉണ്ടോ, പഴയ തുണി ഉണ്ടോ ' എന്ന് ചോദിച്ചു കൊണ്ട് അദ്ദേഹം നഗരത്തിലൂടെ അലഞ്ഞു. ഒരു സാധാരണ ആക്രിക്കാരനെ (ഞമഴാമി) പോലെ തോന്നിയ അയാൾ, എന്നാൽ അവരിൽ നിന്നും വ്യത്യസ്തനായിരുന്നു. കാരണം, അദ്ദേഹം പഴയതൊക്കെ വാങ്ങി പുതിയത് നൽകുമായിരുന്നു, അതും വ്യവസ്ഥകൾ ഇല്ലാതെ.

ഒരു ദിവസം, ഒരു സ്ത്രീ റോഡരികിൽ കണ്ണീരോടെ ഇരിക്കുകയായിരുന്നു. റാഗ് മാൻ അവളോടടുത്തു ചോദിച്ചു. 'എനിക്ക് നിന്റെ കണ്ണുനീർ തുടയ്ക്കുന്ന തുണി തരാമോ? ഞാൻ ഇതിന് പകരം ഒരു വൃത്തിയുള്ളത് നൽകാം'. സ്ത്രീ മനസ്സില്ലാമനസ്സോടെ തന്റെ കയ്യിൽ ഉള്ള പഴയ തുണി നല്കി, അവൻ നല്കിയ വൃത്തിയുള്ള തുണി സ്വീകരിച്ചു. പക്ഷേ, അത്ഭുതം! റാഗ് മാൻ ആ തുണി സ്വീകരിച്ചപ്പോൾ, അവന്റെ കണ്ണുകൾ കണ്ണീരൊഴുക്കി തുടങ്ങി.

മുന്നോട്ട് പോയപ്പോൾ, ഒരു മനുഷ്യൻ കയ്യിൽ പരിക്കേറ്റ് വേദനയോടെ ഇരിക്കുകയായിരുന്നു. റാഗ് മാൻ അയാളുടെ കൈയിൽ കെട്ടിയിരുന്ന ബാൻഡേജ് എടുത്തു തന്റെ കൈയിൽ കെട്ടിയപ്പോൾ, അയാളുടെ കൈ അത്ഭുതകരമായി സുഖപ്പെട്ടു. എന്നാൽ, റാഗ് മാന്റെ കൈയിൽ അതേപോലുള്ള ഒരു വലിയ മുറിവ് ഉണ്ടായി.

തുടർന്ന്, റോഡരികിൽ പ്രത്യാശ നഷ്ടപ്പെട്ട് കിടന്നിരുന്ന മറ്റൊരാളെ



സന്തോഷ് സെബാസ്റ്റ്യൻ മറ്റത്തിൽ

കണ്ടു. അയാളുടെ തലയിണക്കു പരമായി റാഗ് മാൻ തന്റെ വൃത്തിയുള്ള തലയിണ നല്കി. നിരാശയിലായിരുന്ന ആ വ്യക്തി, ഇപ്പോൾ ശാന്തനായി. പക്ഷേ, റാഗ് മാൻ സ്വയം വിഷാദത്തിലേക്കു നീങ്ങി.

അങ്ങനെ, എല്ലാ വേദനകളും, ദുരിതങ്ങളും ഏറ്റെടുത്തു കൊണ്ട് അദ്ദേഹം നഗരത്തിലൂടെ സഞ്ചരിച്ചു. ഒടുവിൽ, ഒരിടത്ത് തളർന്നു വീണു. അത്രയധികം മറ്റുള്ളവരുടെ കഷ്ടപ്പാടുകൾ ചുമന്ന അദ്ദേഹം തളർന്നുപോയി.

മൂന്നു ദിവസം കഴിഞ്ഞ്, അത്ഭുതകരമായി, റാഗ് മാൻ വീണ്ടും ഉയിർത്തെഴുന്നേറ്റു. അദ്ദേഹം സമ്പൂർണ്ണമായി പരിവർത്തിതനായി. തിരികെ, വന്ന വഴിയിൽ കൂടി മടങ്ങുമ്പോൾ, അദ്ദേഹം നേരത്തെ സഹായിച്ചവരൊക്കെ സന്തോഷഭരിത രായിരുന്നു. അവരുടെ കണ്ണുകളിലെ കണ്ണീർ ഉണങ്ങിയിരുന്നു. വേദന മാറിയിരുന്നു.

"The Ragman and other cries of faith" - Walter Wangerin Jr.

കൊല്ലിച്ചവനും കൊന്നവനും, കൊല്ലപ്പെട്ടവന്റെ ഉയിർപ്പിനാൽ ഉയിര് പുൽകുന്ന വിശ്വാസത്തിന്റെ ഈറ്റില്ല ത്തിനു കാലം നൽകിയ പേരാണ് ക്രിസ്തീയത. മുന്തിരിതോട്ട ത്തിലെ കൃഷിക്കാരെ തോട്ടം ഏല്പിക്കുമ്പോഴേ ഉടമസ്ഥൻ അറിഞ്ഞിരുന്നു, ഈ തോട്ടത്തിന് അവൻ നൽകുന്ന വില അവന്റെ മകനായിരിക്കുമെന്ന്. എന്നിട്ടും അതെ കൃഷിക്കാരെ പണിക്കു വിളിക്കുന്ന ഉടമസ്ഥന്റെ പേരാണ് ക്രിസ്തു. കൃഷിക്കാർ സ്വന്തം ചെയ്തികളാൽ വിധിക്കപ്പെട്ടു എന്ന് മത്തായി (21/3344), മർക്കോസ് (12/112), ലൂക്ക (20/919) സുവിശേഷകർ ഒരുപോലെ വിവരിക്കുമ്പോൾ ഒന്ന് വ്യക്തമാണ്: ക്ഷമയും സഹനവും അഹിംസയും പുൽകിയ ദൈവപുത്രനിൽ പതിക്കുന്ന ഏതു ഹിംസയും സ്വയം തകർക്കപെടും. റാഗ് മാനിൽ നിന്നും കൃഷിക്കാരിലേക്കും, കൃഷിക്കാരിൽ നിന്ന് നമ്മളിലേക്കും ഉള്ള ദൂരം കേവലം കുരിശിലേക്കുള്ള ദൂരമാണ്.

സ്വയം വളരുന്ന വഴികളിൽ കുരിശുകൾ സ്ഥാപിക്കുന്ന ഈ കാലഘട്ടത്തിന്റെ പ്രവാചകർ, കുരിശുകൾ എടുത്തു ക്രിസ്തുവിലേക്ക് നടക്കുവാൻ പഠിപ്പിക്കുന്നില്ല എന്നിടത്താണ് ഈ നോമ്പ് കാലത്തു ഇന്നത്തെ വചന ഭാഗം നാം ധ്യാനിക്കുന്നത്. ദൈവത്തെ മറന്നു ഗോപുരം പണിതവരുടെ പഴയ നിയമത്തിൽ നിന്നും, പുതിയ നിയമത്തിലെ റോമാക്കാർക്ക് എഴുതിയ ലേഖനത്തിൽ ദൈവത്തെ ആബാ എന്ന് വിളിക്കാൻ ധൈര്യപ്പെടുന്ന ദൈവാത്മാവിനാൽ നയിക്കപെട്ട പൗലോസ് ശ്ലീഹായിലേക്കുള്ള ചാല് കീറിയ മുന്തിരി തോട്ടത്തിന്റെ ഉടമസ്ഥന്റെ പേരാണ് ക്രിസ്തു.

## അവഗണിക്കപ്പെടുന്ന കല്ലുകൾ

ജീവിതത്തിൽ തിരസ്കരണം നേരിടാത്ത മനുഷ്യർ ഉണ്ടാവുമോ എന്ന് സംശയം ആണ്. ഒരു പക്ഷെ ഇന്ന് നമ്മൾ വിജയിച്ചവർ എന്ന് കരുതുന്ന പലരും, പലപ്പോഴായി ഉപേക്ഷിക്ക പെട്ടവർ ആയിരിക്കും. മീൻ പിടിച്ചു നടന്നിരുന്ന പത്രോസ് സഭയുടെ ആദ്യത്തെ പാപ്പ ആയെങ്കിൽ, മൂന്നാം ലോക രാജ്യമായ അർജന്റീനയിലെ ജോർജ് മരിയോ ബർഗോളിയോ സഭയുടെ ഇരുന്നൂറ്റി അറുപത്താറാ മത്തെ മാർപ്പാപ്പ ആയെങ്കിൽ, ഉപേക്ഷിക്കപ്പെട്ട കല്ലുകൾ ഒന്നും ദൈവത്താൽ ഉപേക്ഷിക്കപ്പെട്ടത് ആയിരുന്നില്ല, മറിച്ചു ദൈവത്തിന് വേണ്ടി മാറ്റി നിറുത്തപ്പെട്ട, തിരഞ്ഞെടുക്കപ്പെട്ട മൂലക്കല്ലുകൾ ആയിരുന്നു എന്ന് തിരിച്ചറിയുക.

ഇന്ന് സഭയിലും സമൂഹത്തിലും വിശുദ്ധർ ആകാൻ കുപ്പായം തയ്ച്ചു, സഹനദാസൻ എന്ന് സ്വയം വിശേഷിപ്പിക്കുന്നവരുടെ ഈ ലോക ത്തിൽ, ഉപേക്ഷിക്കപ്പെട്ടവരുടെ കഥ കേൾക്കുവാനോ പറയുവാനോ ഒരു മേലദ്ധ്യക്ഷനും തയ്യാറാവുന്നില്ല എന്ന് തിരിച്ചറിയുന്നിടത്താണ്, മാറ്റി നിറുത്തപ്പെട്ടവർ, ഒറ്റപ്പെടുത്തി ആക്രമിക്കപ്പെടുന്നവർ നാളെയുടെ മൂലക്കല്ലുകൾ ആയി മാറ്റപ്പെടുക.

സത്യത്തെ തകർക്കാനാണ് ചിലർ ശ്രമിക്കുന്നത്, പക്ഷേ സത്യം ഒരിക്കലും തകരില്ല . - ഗാന്ധിജി

ചതിയും വഞ്ചനയും ഇന്നത്തെ ലോകത്തിന്റെയും, നമ്മുടെ സമൂഹത്തിന്റെയും സഭയുടെയും മൂലകങ്ങളായി അംഗീകരിക്കപ്പെട്ടി രിക്കുന്നു എന്നിടത്താണ് നമ്മുടെ അപചയം ആരംഭിക്കുന്നത്. എന്നാൽ ഇത് ഒരു പ്രതിസന്ധിയുടെ ആരംഭം ആണെന്ന് തിരിച്ചറിയാതെ പോവുന്നിടത്താണ്, കോട്ടയത്തെ ഷൈനിയുടെയും രണ്ട് മക്കളുടെയും ആത്മഹത്യ വെറും ഒരു ന്യൂസ് അവർ ചർച്ച മാത്രമായി നമ്മൾ അവസാനി പ്പിക്കുന്നത്. ചിലരുടെ ജീവിതവും മരണവും അവഗണിക്കപ്പെടേണ്ടതാണ് എന്ന് പഠിപ്പിക്കുന്ന ഈ ലോക ക്രമത്തിൽ, നാളെ നമ്മളാൽ അവഗണി ക്കപ്പെട്ട അത്തരം ജീവിതങ്ങൾ നമ്മളെ തന്നെ ധൂളി ആക്കാൻ ശക്തിയുള്ള താരകങ്ങൾ ആവും എന്ന് സ്വന്തം ജീവിതം കൊണ്ട് സാക്ഷ്യപ്പെടുത്തുവാൻ ഇത് വായിക്കുന്ന ഏവർക്കും സാധ്യ മാവും എന്നാണ് എന്റെ പ്രതീക്ഷ. ചുരുക്കത്തിൽ, ദൈവത്തിനും ദൈവാത്മാവിനാൽ നയിക്കപ്പെടുന്ന നീതിയുടെ മക്കളുടെ ജീവിതത്തിനും വിലയിടുന്നവർ തിരിച്ചറിയുക: 'പണിക്കാർ ഉപേക്ഷിച്ചു കളഞ്ഞ കല്ല് തന്നെ മൂലക്കല്ലായി തീർന്നു, ഇത് കർത്താവിന്റെ പ്രവർത്തി ആണ് '

## സ്വയം തകർക്കപെടുന്ന കല്ലുകൾ

കഴിഞ്ഞ കുറച്ചു വർഷങ്ങളായി കേരള സമൂഹവും ആഗോള സമൂഹവും നേരിടുന്ന ഏറ്റവും വലിയ വിപത്ത് എന്ത് എന്ന് ചോദിച്ചാൽ, ഒരു പക്ഷെ പല ഉത്തരങ്ങൾ വരുമായിരിക്കും. എന്നാൽ ഞാൻ കരുതുക - അനീതിയും, അസത്യവും, അക്രമവും, ലഹരി ഉപയോഗവും എല്ലാം പുതിയ കാലത്തിന്റെ ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്ത നിയമം ആണ് എന്ന് നമ്മൾ അംഗീകരിക്കുന്നു എന്നതാണ് നമ്മളെ കാർന്നു തിന്നുന്ന ഏറ്റവും വലിയ വിപത്ത്. ഒരു പക്ഷെ ഒരു ദിവസമോ രണ്ട് ദിവസമോ നമ്മളിൽ ചിലർ അത്തരം വ്യവസ്ഥിതിയെ ചോദ്യം ചെയ്യുമായിരിക്കാം. പക്ഷെ പിന്നീട് അങ്ങോട്ട് എന്നെ ബാധിക്കാത്ത പ്രശ്നം എന്ന് പറഞ്ഞുകൊണ്ട് സ്വയം പിന്നോക്കം പോവുന്നിടത്തു തുടങ്ങുന്നു എന്റെയും നിങ്ങളുടെയും ഒടുക്കത്തിന്റെ ആരംഭം. അവിടെയാണ് ക്രിസ്തു

യാതൊരു ദാക്ഷിണ്യവും കൂടാതെ പറയുന്നത് 'ദൈവരാജ്യം നിങ്ങളിൽ നിന്ന് എടുത്ത് ഫലം പുറപ്പെടുവിക്കുന്ന ജനതയ്ക്കു നല്കപ്പെടും. ഈ കല്ലിൽ വീഴുന്നവൻ തകർക്കപെടും അത് ആരുടെമേൽ വീഴുന്നുവോ അവനെ അത് ധൂളിയാക്കും'

'ദൈവം നിങ്ങളുടെ പശ്ചാത്താപത്തിന് ഇന്ന് മാപ്പ് വാഗ്ദാനം ചെയ്തിട്ടുണ്ട്, പക്ഷേ നിങ്ങളുടെ താമസത്തിന് നാളെ വാഗ്ദാനം ചെയ്തിട്ടില്ല' - St Augustine

മുന്തിരി തോട്ടത്തിലെ കൃഷിക്കാരുടെ മേൽ നിപതിക്കുന്ന നീതിയുടെ മൂലകല്ലിനെ പ്രതിപാദിച്ചു കൊണ്ട്, ക്രിസ്തു നടന്ന് നീങ്ങുന്നത് കാൽവരിയുടെ വിരിമാറിലേക്കാണ്. മൂന്നാണികളിൽ തൂങ്ങി കിടന്നു കൊണ്ട് സർവ്വലോക മാനവരുടെയും കരുണയ്ക്ക് വേണ്ടി പിതാവിനോട് പ്രാർത്ഥിക്കുന്ന ക്രിസ്തു തന്നിലെ ദൈവത്വത്തെ, മുന്തിരി തോട്ടത്തിലെ നമ്മൾ അടങ്ങുന്ന കൃഷിക്കാരുടെ രക്ഷയ്ക്കായി പരിവർത്തിതമാക്കുന്നു. കുരിശിലേക്കുള്ള വഴിയിൽ കുരിശിന്റെ വഴിയുടെ പ്രാർത്ഥന കൂടാതെ തന്നെ സ്വയം പശ്ചാത്തപിച്ചു തപം ചെയ്തു ക്രിസ്തുവിനെ അനുഗമിക്കുന്ന പരിശുദ്ധ അമ്മയും യോഹന്നാനും ആയിരിക്കണം നോമ്പാചരണത്തിൽ നമ്മൾക്ക് മാതൃക ആവേണ്ടത്. കേവലം ആചാര അനുഷ്ഠാനങ്ങളും, പ്രാർത്ഥനകളും കൊണ്ട് മാത്രം ഒരു ജനതയും രക്ഷപ്പെടുന്നില്ല എന്ന് നമ്മൾ

തിരിച്ചറിയണം. പ്രാർത്ഥനകൾക്കും അനുഷ്ഠാനങ്ങൾക്കും മല കയറ്റത്തിനും അപ്പുറമുള്ള ജീവിതത്തിന്റെ കരുണയുടെ, നീതിയുടെ വാതിലുകൾ തുറക്കാൻ നോമ്പ് കാലം നമ്മളെ ക്ഷണിക്കുന്നു.

ചാക്കുകളുമായി നടക്കുന്ന റാഗ് മെൻ ചുറ്റിലും ഉണ്ട്, അവരുടെ കണ്ണുകളിൽ ഇടയന്റെ നിഷ്കളങ്കതയും, കൈകളിൽ ആടുകളുടെ ചൂരും ഉണ്ട്. ദൈവം മരിച്ചിട്ടില്ല എന്ന് ഓർമിപ്പിക്കുന്ന ഈസ്റ്റർ ഞായർ വരെ കാത്തിരിക്കാതെ ചാക്കുമായി ഇറങ്ങുക. മറ്റുള്ളവർ കാത്തിരിക്കുന്ന മൂലകല്ല് നമ്മൾ തന്നെയാണ് - തത്ത്വമസി!



▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com